## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *63 — 08.03.2012-ൽ മറുപടിക്ക്

### സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ സമരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>ശ്രീ.കെ.സുരേഷ് കുറുപ്പ്:<br>ശ്രീ.രാജു എബ്രഹാം:<br>ശ്രീ.വി.ചെന്താമരാക്ഷൻ: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ സമരം ഒത്തുതീർപ്പാക്കാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; | (എ) ഇതു സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികളിന്മേൽ വകുപ്പ് തലത്തിൽ വിവിധ തലങ്ങളിൽ അനുരഞ്ജന ചർച്ചകൾ നടന്നുവരികയാണ്. ടി മേഖലയിലെ സംഘടനകളുമായി 29.02.2012-ൽ ബന്ധപ്പെട്ട വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയുണ്ടായി. 05.03.2012 നു തൊഴിലുടമാ പ്രതിനിധികളുടെയും നഴ്സിംഗ് മേഖലയിലെ ട്രേഡ് യൂണിയനുകളുടെയും ചർച്ച നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) സമരം ഉടനടി നിർത്തിയില്ലെങ്കിൽ ആശുപത്രികൾ അടച്ചിടുമെന്ന് ഭീഷണി ഉയർത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) മിനിമം വേതനം നിഷേധിച്ചുകൊണ്ട് 12 മണിക്കൂറിലധികം നേഴ്സുമാരെ ജോലി ചെയ്യിക്കുന്ന ആശുപത്രി ഉടമകൾക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; | (സി) സംസ്ഥാനവ്യാപകമായി സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തിവരുന്നു. കുറഞ്ഞവേതനം നടപ്പിലാക്കാത്ത സ്ഥാപന ഉടമകൾക്ക് നോട്ടീസ് കൊടുക്കുകയും, നോട്ടീസ് കാലാവധിക്കകം നടപടി സ്വീകരിക്കാത്ത കേസുകളിൽ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതിനും നടപടി എടുത്തുവരുന്നു. പ്രോസിക്യൂഷൻ നടപടി എടുക്കുന്നതിനെതിരെയുള്ള സ്റ്റേ ഉത്തരവ് നീക്കുന്നതിന് നടപടി എടുത്തു വരുന്നു. |

| | | |
|---|---|---|
| (ഡി)സമരം ചെയ്യുന്ന നേഴ്സു മാർക്കെതിരെ എസ്മ പ്രയോഗി ക്കണമെന്ന് ഏതൊക്കെ സംഘട നകളാണ് ആവശ്യമുയർത്തി യിരിക്കുന്നത്; ഈ ആവശ്യത്തോ ടുള്ള നിലപാടെന്താണ്; | (ഡി) | സംഘടനകൾ ആവശ്യപ്പെട്ടതായി അറിയുന്നില്ല. എന്നാൽ ഒരു സ്വകാര്യ വ്യക്തി ഈ ആവശ്യം സംബന്ധിച്ച് ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. |
| (ഇ)നേഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ച പ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്? | (ഇ) | ഏറ്റവും അവസാനമായി മിനിമം വേതനം പരിഷ്കരിച്ചത് 2009 ലാണ്. ഈ നിരക്കിൻെറ കാലാവധി 2012 ജൂൺ മാസത്തിൽ തീരുന്നമുറയ്ക്ക് പുതിയ വേതന നിരക്ക് പ്രാബല്യത്തിൽ വരുത്താൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ